# പതിനാലാം കേരള നിയമസഭ

## അഞ്ചാംസമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1844
## 04.05.2017 ലെ മറുപടിയ്ക്ക്

**ട്രഷറികളിൽ എ.ടി.എം സംവിധാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.വി.രാജേഷ് | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ശ്രീ. ടി. എം. തോമസ് ഐസക്ക് |
| സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; എല്ലാ സർക്കാർ ജീവനക്കാർക്കും ട്രഷറികളിൽ സേവിങ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനും ട്രഷറി വഴി ശമ്പളം നൽകുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | 14.12.2012 ലെ G.O(Rt) No.10460/12/Fin പ്രകാരം സംസ്ഥാനത്തെ 4 ട്രഷറികളിൽ ATM സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത തീരുമാനം വഴി നടപ്പിലാക്കുന്ന Stand alone ATM കൾ ഇടപാടുകാർക്ക് ഏറെ ഗുണപ്രദമാകില്ല എന്ന കാരണത്താൽ സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം സംവിധാനം ഏർപ്പെടുത്തുന്നത് നിലവിൽ പരിഗണനയിലില്ല. എന്നാൽ ട്രഷറി അക്കൗണ്ടുകളിലുള്ള പണം, അക്കൗണ്ട് ഉടമകൾക്ക് യഥേഷ്ടം ബാങ്ക് അക്കൗണ്ടുകളിലേക്ക് മാറ്റുന്നതിനും അതുവഴി ബാങ്ക് എ.ടി.എം. ലൂടെ തുക പിൻവലിക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കാനുമുള്ള നിർദ്ദേശം ഈ സർക്കാരിന്റെ പരിഗണനയിലുണ്ട്.<br><br>സർക്കാർ ജീവനക്കാരിൽ നാല്പത്തയ്യായിരത്തോളം ജീവനക്കാർ ഇപ്പോൾ തന്നെ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് വഴിയാണ് ശമ്പളവും മറ്റ് അലവൻസുകളും മാറുന്നത്. ശമ്പളവും അലവൻസുകളും ഓപ്ഷണലായി ട്രഷറി സേവിങ്സ് ബാങ്ക് വഴി സ്വീകരിക്കുന്നതിന് ഗസറ്റഡ് ഓഫീസർമാർക്ക് നിലവിലുണ്ടായിരുന്ന സംവിധാനം നോൺ ഗസറ്റഡ് ഓഫീസർമാർക്ക് കൂടി വ്യാപിപ്പിച്ചുകൊണ്ട് 22.4.2017 ലെ സ.ഉ.(പി) നം.53/2017/ധന. ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ